## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ. *311          30.01.2014 -ൽ മറുപടിയ്ക്ക്

# മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനം സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് മോട്ടോർ വാഹന നിയമ ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മോട്ടോർ വാഹന നിയമ ലംഘനങ്ങൾ തടയുക, റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള പോലീസ് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കർശനമായ വാഹന പരിശോധന, മാതൃകാപരമായ ട്രാഫിക് ക്രമീകരണങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ പോലീസ് നേരിട്ടും, ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, സ്പീഡ് റഡാറുകൾ എന്നിവ ഉപയോഗിച്ചും, |

| | | | |
|---|---|---|---|
| | | | വിവിധ ട്രാഫിക് നിയമ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും കാലോചിതമായ രീതിയിൽ കേരള പോലീസ്, മോട്ടോർ വാഹന നിയമ ലംഘനങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഗതാഗത നിയമ ലംഘനങ്ങളോടുകൂടിയ രംഗങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള സിനിമ പ്രദർശിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതായി അറിയാമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നിയമ ലംഘനങ്ങൾ നടത്തുന്ന എല്ലാവർക്കും നിയമം ഒരുപോലെ ബാധകമാണെന്ന് ഉറപ്പാക്കുമോ ; ശ്രീ. രാഹുൽഗാന്ധിയും ഏതാനും പേരും കായംകുളം-പുനലൂർ സംസ്ഥാന പാതയിൽ ഗതാഗത നിയമം ലംഘിച്ച് പോലീസ് വകുപ്പിന്റെ വാഹനത്തിന് മുകളിൽ കയറി സവാരി നടത്തിയതിനെതിരെ നിയമാനുസൃതമായ കേസെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | (ഡി) | നിയമ ലംഘനം നടത്തുന്ന എല്ലാവർക്കും നിയമം ഒരുപോലെ ബാധകമാണെന്ന് ഉറപ്പാക്കുന്നുണ്ട്.<br>ശ്രീ. രാഹുൽ ഗാന്ധിയെ കാണുന്നതിനും അഭിവാദ്യം ചെയ്യുന്നതിനുമായി സംഭവ സ്ഥലത്തും പരിസരത്തുമുണ്ടായിരുന്ന വൻജനക്കൂട്ടത്തിനിടയിലൂടെ അദ്ദേഹത്തെ നടത്തിക്കൊണ്ടുപോകുന്നത് പ്രായോഗികമല്ലെന്ന് ബോധ്യമായ സുരക്ഷാ ഉദ്യോഗസ്ഥർ സുരക്ഷിതമായി എന്നാൽ എല്ലാവർക്കും കാണത്തക്ക നിലയിൽ ജനത്തിരക്കിനിടയിലൂടെ അദ്ദേഹത്തെ കൊണ്ടുപോകുന്നതിനായിട്ടാണ് എസ്കോർട്ട് വാഹനത്തിന്റെ മുകളിലേയ്ക്ക് അദ്ദേഹത്തെ കയറ്റിയിട്ടുള്ളത്. അദ്ദേഹത്തോടൊപ്പം കയറിയ എസ്.പി.ജി ഉദ്യോഗസ്ഥരുടെ സംരക്ഷണത്തിൽ അദ്ദേഹം വാഹനത്തിൽ കയറി നെടുമ്പാശ്ശേരിയിലേക്ക് പോയിട്ടുള്ളതുമാണ്.<br>സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ വേണ്ടിവന്ന ഈ പ്രവൃത്തിയെ കുറ്റകരമായ പ്രവൃത്തിയായി കാണുവാൻ കഴിയാത്തതിനാൽ ആയതിലേക്ക് കേസുകളൊന്നും എടുത്തിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധമായി എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായോ; അതിന്മേൽ സ്വീകരിച്ച നിയമാനുസൃത നടപടി എന്തായിരുന്നു ; | (ഇ) | ഇതു സംബന്ധിച്ച് ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ ആലപ്പുഴ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി അന്വേഷണം നടത്തി വരുന്നു. |
| (എഫ്) | വാഹനത്തിന് മുകളിൽ കയറിയിരുന്ന പാർലമെന്റ് അംഗം അതീവ സുരക്ഷാ സംരക്ഷണ വിഭാഗത്തിൽപ്പെട്ടതാണോ ; എങ്കിൽ അദ്ദേഹത്തിന്റെ കാര്യത്തിലുണ്ടായ സുരക്ഷാ വീഴ്ചകൾ എന്തെല്ലാമായിരുന്നു ; | (എഫ്) | എ.ഐ.സി.സി അഖിലേന്ത്യാ ഉപാദ്ധ്യാക്ഷൻ ശ്രീ. രാഹുൽ ഗാന്ധി എം.പിയ്ക്ക് സ്പെഷ്യൽ പ്രൊട്ടെക്ഷൻ ഗ്രൂപ്പിന്റെ സംരക്ഷണമാണ് നൽകി വരുന്നത്. കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ഉത്തരവ് നമ്പർ F VI.23014/165/2000-GPA - III, updated in December 2003 പ്രകാരവും 27.5.2005 തീയതി പുറത്തിറക്കിയ ഉത്തരവ് നമ്പർ VI.23014/124/05-IS-VIII പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും കാലാകാലങ്ങളിൽ കേന്ദ്ര ആഭ്യന്തര വകുപ്പ് പുറപ്പെടുവിക്കുന്ന സുരക്ഷാ നിർദ്ദേശങ്ങൾ അനുസരിച്ചുമുള്ള സുരക്ഷാ ക്രമീകരണങ്ങളാണ് അദ്ദേഹത്തിന് നൽകി വരുന്നത്. സുരക്ഷാ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലാത്തതാണ്. |
| (ജി) | എങ്കിൽ അതിനുത്തരവാദികൾ ആരെല്ലാമാണ്; സംസ്ഥാന ആഭ്യന്തരമന്ത്രി പ്രസ്തുത സംഘത്തോടൊപ്പം ഉണ്ടായിരുന്നുവോ ; വിശദമാക്കാമോ ? | (ജി) | ശ്രീ. രാഹുൽ ഗാന്ധിയുടെ സന്ദർശന വേളയിൽ അദ്ദേഹത്തിന്റെ കാര്യത്തിൽ സുരക്ഷാ വീഴ്ചയുണ്ടായിട്ടില്ല. സംസ്ഥാന ആഭ്യന്തര മന്ത്രി പ്രസ്തുത ജാഥയിൽ പിന്നീട് എത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ